ബന്ധിച്ച് സ്റ്റുട്ട്ഗാർട്ടിൽ സമ്മേളിച്ച 'ബൗദ്ധരുടെ ദേശീയ യൂണിയൻ' യൂറോപ്പിൽ ബുദ്ധമതപ്രചരണത്തിന് ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ഒരു പുതിയ നിർവഹണസമിതിയും അവർ തെരഞ്ഞെടുത്തിരിക്കുന്നു.

ബുദ്ധശിഷ്യനായ ഉപഗുപ്തനെ സംബോധനചെയ്ത് മഹാകവി കുമാരനാശാൻ പറയുകയുണ്ടായി:

'നമസ്കാരമുപഗുപ്ത!
 വരിക ഭവാൻ നിർവാണ-
നിമഗ്നനാകാതെ വീണ്ടു-
 മുലകിലേക്കായ്;
പതിതകാരുണികരാം
 ഭവാദൃശന്മാരെ
ക്ഷിതിദേവിക്കിന്നു വേണ-
 മധികം പേരെ.'

പടിഞ്ഞാറെ ജർമനിയിലെ ബുദ്ധമതാനുയായികളുടെ വിശ്വാസവും മറ്റൊന്നല്ല.

(ആധാരം: റൈനിഷെ പോസ്റ്റ് എന്ന ജർമൻ പത്രത്തിൽ 1984 മെയ് 23-ാം തീയതി പ്രസിദ്ധീകരിച്ച ലേഖനം)

(12 ആഗസ്റ്റ്, 1984)

# 67. വിദ്യാഭിവർദ്ധിനി

മലയാളത്തിൽ അച്ചടിയുടെയും പുസ്തകപ്രസിദ്ധീകരണത്തിന്റെയും ചരിത്രം എന്നെങ്കിലും എഴുതപ്പെടുകയാണെങ്കിൽ അതിൽ ഉജ്ജ്വലവും വിസ്തൃതവുമായ ഒരു അദ്ധ്യായം പരേതനായ എസ്. റ്റി. റെഡ്യാരെപ്പറ്റി ആയിരിക്കും. തൊണ്ണൂറ്റിയൊമ്പതു വർഷംമുമ്പ് 1886-ൽ ആണ് സുബ്ബയ്യാ തെന്നാട്ട് റെഡ്യാർ കൊല്ലത്തു 'വിദ്യാഭിവർദ്ധിനി' അച്ചുകൂടം സ്ഥാപിച്ചതു്. വിലകുറഞ്ഞ 'പേപ്പർബാക്ക്' പുസ്തകങ്ങളെപ്പറ്റിയുള്ള സങ്കല്പം പാശ്ചാത്യനാടുകളിൽ ഉടലെടുക്കുന്നതിന് എത്രയോ ദശാബ്ദങ്ങൾ മുമ്പുതന്നെ മലയാളത്തിലെ ക്ലാസ്സിക്കുകളും നിത്യോപയോഗമുള്ള മറ്റു പുസ്തകങ്ങളും എത്രയും വിലകുറച്ച് റെഡ്യാർ അച്ചടിച്ച് തയ്യാറാക്കി. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ രാമായണവും മഹാഭാരതവും ഭാഗവതവും, ആട്ടക്കഥകൾ, കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ മുതലായ സാഹിത്യകൃതികളും, ജ്യോതിഷം, ആയുർവേദം, തന്ത്രശാസ്ത്രം മുതലായ പ്രായോഗികശാസ്ത്രങ്ങൾ സംബന്ധിച്ച പ്രാമാണിക ഗ്രന്ഥങ്ങളും, സംസ്കൃത വിദ്യാർത്ഥികളുടെ പ്രാഥമിക പാഠപുസ്തകങ്ങളായിരുന്ന സിദ്ധരൂപവും അമരകോശവും, മറ്റും ആദ്യമായി സാധാരണക്കാരായ മലയാളികൾ വാങ്ങി വായിച്ചതു് റെഡ്യാരുടെ കൈയിൽനിന്നാണ്. ഇത്തരം പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കാൻമാത്രം വിദ്യാഭ്യാസമില്ലാത്ത, എങ്കിലും അക്ഷരജ്ഞാനമുള്ള, പാവപ്പെട്ടവരുടെ ഉപയോഗത്തിനുവേണ്ടി ലഘുസ്തോത്രങ്ങളും ലളിതങ്ങളായ നാടൻപാട്ടുകളും മറ്റും, ലഘുലേഖകൾ പോലെ, അച്ചടിച്ച് ഒട്ടിച്ചോ തുന്നിക്കെട്ടിയോ വിതരണം ചെയ്യുന്നതി

ണാലയങ്ങൾ നടത്തിവരുന്നതു്. മററുള്ളവർ നടത്തുന്ന വാരികകളും മററും അച്ചടിച്ചുകൊടുക്കുന്നതിനുപുറമെ, "എസ്. ററി. ആർ. പബ്ലിക്കേഷൻസ്" എന്ന പേരിൽ കുട്ടികൾക്കുവേണ്ടി ചിത്രകഥകൾ (കോമിക്കുകൾ) പല ഭാരതീയഭാഷകളിൽ ഒരേ സമയം പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരു പരിപാടി, എറണാകുളത്തു് എസ്. ററി. റെഡ്യാർ ആൻഡ് സൺസിൻെറ ചുമതല വഹിക്കുന്ന ശ്രീ രാജേന്ദ്രൻ തയ്യാറാക്കിയിട്ടുണ്ടു്.

(13 ജനുവരി, 1985)

# 68. സമരം ജയിച്ചു; ജോലി പോയി!

പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരിയുടെ ശിഷ്യനായി അദ്ദേഹത്തിൻെറ ക്ലാസ്സിൽ ഇരുന്നു പഠിക്കാൻ എനിക്കു ഭാഗ്യമുണ്ടായിട്ടില്ല. എന്നാൽ, സഹപ്രവർത്തകനും സുഹൃത്തുമെന്ന നിലയിൽ ദീർഘകാലം ഞാൻ അദ്ദേഹത്തിൻെറ വളരെ അടുത്തു പെരുമാറിയിട്ടുണ്ടു്. പ്രയോജനകരമായ ഈ സമ്പർക്കത്തിൻെറ പ്രാരംഭം കുറിച്ച ചില സംഭവങ്ങളെപ്പററിയാണു് ഇവിടെ പ്രതിപാദിക്കുന്നതു്. കേരളത്തിലെ ജനാധിപത്യാധിഷ്ഠിതമായ അദ്ധ്യാപകപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഈ സംഭവങ്ങൾക്കു ഗണ്യമായ പ്രാധാന്യമുണ്ടു്.

1948 മാർച്ചിൽ ഞാൻ കൊടകര നാഷനൽ ഹൈസ്കൂളിലെ ഒരു അദ്ധ്യാപകനായിരുന്നു. 1944–ൽ ഈ സ്കൂൾ ആരംഭിച്ചപ്പോൾ, അതിൻെറ സ്ഥാപകനായ ശ്രീ അരീക്കാട്ട് വേലായുധമേനോൻ വളരെ നിർബന്ധിച്ചതുകൊണ്ടാണു് അന്നു കോഴിക്കോട്ടു രാഷ്ട്രീയപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന ഞാൻ ഈ സ്കൂളിൽ ജോലി സ്വീകരിച്ചതു്. ശ്രീ വേലായുധമേനോനു കോൺഗ്രസ്സിൻെറ രാഷ്ട്രീയപ്രവർത്തനങ്ങളിൽ വിശ്വാസമുണ്ടായിരുന്നു. ഈ രാഷ്ട്രീയപ്രവർത്തനങ്ങൾ കൊടകരയിൽ താമസിച്ചു തുടരുവാൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, കൊടകരയിൽ മൂന്നോ നാലോ മാസങ്ങൾക്കകം എനിക്കു് മദ്രാസ് സർവകലാശാലയുടെ മലയാളവിഭാഗത്തിൽ ഗവേഷണം നടത്തുന്നതിനുള്ള സൗകര്യം ലഭിച്ചു. അന്നു തുലോം അപൂർവമായിരുന്ന ഈ സൗകര്യം ഉപയോഗപ്പെടുത്താൻവേണ്ടി, ഞാൻ സ്കൂളിലെ ജോലി വിട്ടു. ഗവേഷണം അവസാനിച്ചാൽ തിരികെ കൊടകരയിൽ ചെന്നു സ്കൂളിൽ ജോലിയിൽ പ്രവേശിച്ചുകൊള്ളാമെന്നു ശ്രീ വേലായുധമേനോനു വാക്കുകൊടുത്താണു ഞാൻ മദ്രാസിലേക്കു പോയതു്.

ഞാൻ മദ്രാസിൽ പാർക്കുന്ന കാലത്തു് ശ്രീ വേലായുധമേനോൻ ഒരു കൊലയാളിയുടെ കത്തിയാൽ ദാരുണമാംവിധം വധിക്കപ്പെട്ടു. മരിച്ച സുഹൃത്തിനു നൽകിയ വാഗ്ദാനം നിറവേററണമെന്ന ആഗ്രഹത്താൽ, ഗവേഷണം പൂർത്തിയാക്കിയശേഷം, 1947–ൽ ഞാൻ വീണ്ടും കൊടകര സ്കൂളിൽ തിരികെയെത്തി ജോലിയിൽ പ്രവേശിച്ചു. ശ്രീ വേലായുധമേനോൻെറ മരണത്തെത്തുടർന്നു് ഈ സ്കൂളിൻെറ മാനേജ്മെൻറ് ഒരു പ്രാദേശികക്കമ്മററിയുടെ കൈയിലായിരുന്നു. സ്കൂൾ നടത്തിക്കൊണ്ടുപോവുക പ്രയാസമായിത്തോന്നിയതിനാൽ ഈ കമ്മററി പിന്നീടു് അതിൻെറ മാനേജ്മെൻറ് കൊച്ചി നായർസമാജത്തിനു കൈമാറി.

ഇക്കാലത്തു കൊച്ചിയിൽ നിലവിലിരുന്ന പരിമിതമായ ജനാധിപത്യസംവിധാനത്തിനു കീഴിൽ ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ